LIBRARY ARCHIVES Kerala Legislative Assembly

വന്യമൃഗങ്ങളുടെ ആക്രമണം

139(5586) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേൽക്കുന്നവർക്കും ജീവഹാനിയുണ്ടാവുന്നവരുടെ ആശ്രിതർക്കും നിലവിൽ വനം വകുപ്പ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേൽക്കുന്നവരും ജീവഹാനിയുണ്ടാവുന്നവരുടെ ആശ്രിതരും നഷ്ടപരിഹാരം ലഭിക്കുന്നതിനായി സംഭവം നടന്ന വനം റേഞ്ചിന്റെ റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈനായി ഇ-ഡിസ്ട്രിക്ട് പോർട്ടലിലെ ഇതിനായുള്ള സംവിധാനത്തിലൂടെ നിയമാനുസൃതമായ രേഖകൾ സഹിതം അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് അതത് സ്ഥലത്തെ അക്ഷയ കേന്ദ്രത്തെ അപേക്ഷകന് സമീപിക്കാവുന്നതാണ്. ഇപ്രകാരം ഓൺലൈനായി ലഭിക്കുന്ന അപേക്ഷയിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി അപേക്ഷയിലെ വസ്തുതകൾ ശരിയാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം അർഹമായ അപേക്ഷകളിൽ അനുവദനീയമായ തുക അടക്കമുള്ള ശിപാർശ സഹിതവും അർഹമല്ലാത്ത അപേക്ഷകളിൽ അപ്രകാരമുള്ള ശിപാർശ സഹിതവും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈനായിത്തന്നെ സമർപ്പിക്കുന്നു. അപേക്ഷയിലെ വസ്തുതകൾ പരിശോധിച്ചശേഷം റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശിപാർശയുടെകൂടി അടിസ്ഥാനത്തിൽ അപേക്ഷകന് നിയമാനുസൃതം അർഹമായതുക അനുവദിച്ചുകൊണ്ടും അർഹമല്ലാത്ത അപേക്ഷകൾ നിരസിച്ചുകൊണ്ടും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവാകുന്നു. അനുവദിച്ച നഷ്ടപരിഹാരം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതാണ്. അപേക്ഷ സമർപ്പിക്കുമ്പോഴും നഷ്ടപരിഹാരം അനുവദിക്കുമ്പോഴും അപേക്ഷ നിരസിക്കുമ്പോഴും അപേക്ഷകന് എസ്.എം.എസ്. മുഖാന്തരം അറിയിപ്പ് ലഭിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ സ്ഥിതി അപേക്ഷകന് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരം അറിയാൻ സാധിക്കുന്നതാണ്.

കൃഷിനാശത്തിന് നഷ്ടപരിഹാരം

140(5587) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാര തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

നിലവിൽ വന്യജീവിമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത് 8-1-2015-ലെ സ.ഉ.(കൈ) നം. 02/2015/വനം പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പുതുക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) പട്ടയം ലഭിക്കാത്ത കർഷകരുടെ കൈവശ ഭൂമിയിലെ കൃഷി നാശങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വന്യജീവികൾമൂലമുള്ള കൃഷിനാശങ്ങൾക്കാണ് വനം വകുപ്പിൽനിന്നും നഷ്ടപരിഹാരം അനുവദിച്ചുവരുന്നത്. പട്ടയമില്ലാത്ത കൃഷിഭൂമികളിൽ സാധാരണ നിലയിൽ നഷ്ടപരിഹാരം അനുവദിച്ചുവരുന്നില്ല.

കോരുത്തോട് അഞ്ചൂറ്റിനാലിലെ സോളാർ ഫെൻസിംഗ്

141(5588) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കോരുത്തോട് പഞ്ചായത്തിലെ അഞ്ചൂറ്റിനാല് പ്രദേശത്തെ കൃഷി ഭൂമിയിൽ സോളാർ ഫെൻസിംഗ് ഇല്ലാത്ത ഭാഗത്തുകൂടി വന്യജീവികൾ കടന്നുവന്ന് കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ അഞ്ചൂറ്റിനാല് മേഖലയിൽ 3.5 കി.മീ. ദൂരം സോളാർ ഫെൻസിംഗ് ഇല്ലാത്ത ഭാഗത്ത് ആന ഉൾപ്പെടെയുള്ള വന്യജീവികൾ കൃഷിഭൂമിയിൽ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് വനം വകുപ്പിന്റെ പട്രോളിംഗ് അഞ്ചൂറ്റിനാല് എന്ന സ്ഥലത്ത് സ്റ്റാഫിന്റെ ക്യാമ്പും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് ശേഷിക്കുന്ന ഭാഗത്തുകൂടി സോളാർ ഫെൻസിംഗ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അഞ്ചൂറ്റിനാല് പ്രദേശത്തോട് ചേർന്നുള്ള 116 മുതൽ ആനക്കല്ല് വരെയുള്ള ഭാഗങ്ങളിൽ സൗരോർജ്ജവേലി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതാണ്.

ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും

142(5589) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണപരിപാലന പ്രവർത്തനങ്ങൾക്കും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പുവരുത്താനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly